# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 15.07.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ആയുർവേദത്തിൽ അത്യാധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തണമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമ്മു. ന്യൂഡൽഹിയിൽ 'സൗശ്രുതം' സമ്മേളനം രാഷ്ട്രപതി ഉദ്ഘാടനം ചെയ്തു.

   **President Droupadi Murmu Urges Integration of Advanced Technologies in Ayurveda; Inaugurates 'Saushrutam' Conference in New Delhi**

2. ഇന്ത്യ-യു.കെ സമഗ്രവ്യാപാരകരാർ കർഷകർക്കും സംരംഭകർക്കും വൻനേട്ടമുണ്ടാക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

   **India–UK Free Trade Agreement Benefits Farmers and Entrepreneurs, Says PM Narendra Modi**

3. സെമികണ്ടക്ടർ രൂപകൽപ്പനയും നിർമ്മാണവും ശക്തമാക്കുന്നതിനായി 1,27,500 കോടി രൂപയുടെ 'സെമികോൺ 2.0' പദ്ധതിക്കും, മൊബൈൽ ഫോൺ നിർമ്മാണത്തിനായി 62,500 കോടി രൂപയുടെ സ്കീമിനും കേന്ദ്ര മന്ത്രിസഭായോഗം അംഗീകാരം നൽകി.

**Union Cabinet Approves ₹1,27,500 Crore 'Semicon 2.0' Scheme and ₹62,500 Crore Mobile Manufacturing Package**

4. ഇന്ത്യയിലെ ആദ്യ മലിനീകരണ രഹിത ഹൈഡ്രജൻ ട്രെയിൻ പ്രധാനമന്ത്രി മറ്റന്നാൾ ഹരിയാനയിലെ ജിന്ദിൽ നിന്ന് ഫ്ലാഗ് ഓഫ് ചെയ്യും.

**PM Modi Flags Off India's First Pollution-Free Hydrogen Train from Haryana's Jind Day After Tomorrow**

5. കേരളത്തിൽ പൊതുഭരണ വകുപ്പിന് കീഴിൽ വകുപ്പുകളുടെ ഏകോപനത്തിന് പുതിയ സംവിധാനം ആരംഭിക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ.

**Kerala CM V.D. Satheesan Announces New Coordination System for Departments Under General Administration in Kerala**

6. ഫിഫ ലോകകപ്പ് ഫുട്ബോൾ രണ്ടാം സെമിയിൽ ഇന്ന് അർജന്റീന - ഇംഗ്ലണ്ട് പോരാട്ടം. രാത്രി 12.30 നാണ് മത്സരം

**Argentina Faces England in FIFA World Cup Second Semi-Final Tonight**

❁❁❁❁❁❁❁❁❁❁❁❁❁

## REV. PREZ - AYURVEDA(INTRO)

സമൂഹത്തിന്റെ നന്മയ്ക്കായി ആയുർവേദത്തിൽ, അത്യാധുനിക സാങ്കേതികവിദ്യകളും ഗവേഷണങ്ങളും

പ്രയോജനപ്പെടുത്തണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ന്യൂഡൽഹിയിൽ 'സൗശ്രുതം 2026' സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു രാഷ്ട്രപതി. ആയുർവേദത്തിന്റെ ആഗോള നിലവാരത്തിനായി ആയുഷ് മന്ത്രാലയം ലോകാരോഗ്യ സംഘടനയുമായി സഹകരിക്കുന്നുണ്ടെന്നും, ഡിജിറ്റൽ ഹെൽത്ത് സംയോജനവും കൃത്യമായ ഡോക്യുമെന്റേഷനും ആയുർവേദത്തിൻറെ ആഗോള അംഗീകാരം വർദ്ധിപ്പിക്കുമെന്നും രാഷ്ട്രപതി പറഞ്ഞു.

(വോയിസ്)

## PM-CETA

ഇന്ത്യയും യുകെയും തമ്മിലുള്ള സമഗ്ര സാമ്പത്തിക വ്യാപാരകരാറും, സാമൂഹിക സുരക്ഷാ കരാറും നിലവിൽ വന്നത് ചരിത്രപരമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി വ്യക്തമാക്കി. രാജ്യത്തെ കർഷകർക്കും ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കും ഏറെ പ്രയോജനപ്പെടുന്നതാണ് പുതിയ സാമ്പത്തിക പങ്കാളിത്ത കരാറെന്ന് അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. സാങ്കേതികവിദ്യ, സേവനം എന്നീ മേഖലകളിലെ സഹകരണം ശക്തിപ്പെടുത്താനും ഇന്ത്യൻ പ്രതിഭകൾക്ക് കൂടുതൽ അവസരങ്ങൾ ഒരുക്കാനും ഇത് സഹായിക്കും. യുകെയിലെ ഇന്ത്യൻ പ്രൊഫഷണലുകൾക്ക് സാമൂഹിക സുരക്ഷാ കരാർ വലിയ പിന്തുണയാകുമെന്നും പ്രധാനമന്ത്രി കൂട്ടിച്ചേർത്തു.

## VP- INDIA UK- CEPA

ഇന്ത്യ-യുകെ സമഗ്ര സാമ്പത്തിക വ്യാപാര കരാറും സാമൂഹിക സുരക്ഷാ കരാറും , ഇന്ത്യയും യുകെയും തമ്മിലുള്ള ഉഭയകക്ഷി ബന്ധത്തിലെ സുപ്രധാന നാഴികക്കല്ലാണെന്ന് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ . ഈ കരാറുകൾ വിപണി വികസനത്തിനും വ്യാപാര സേവനങ്ങൾ ശക്തിപ്പെടുത്തുന്നതിനും പ്രൊഫഷണലുകൾക്ക് കൂടുതൽ തൊഴിൽ സ്വാതന്ത്ര്യം ലഭ്യമാക്കുന്നതിനും സഹായകരമാകുമെന്ന് ഉപരാഷ്ട്രപതി സമൂഹമാധ്യമത്തിൽക്കുറിച്ചു .

## SHAH- FTA

ഇന്ത്യ-യുകെ സ്വതന്ത്ര വ്യാപാര കരാറിനെ സ്വാഗതം ചെയ്ത് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ . യുകെയിലുള്ള ഇന്ത്യൻ പ്രൊഫഷണലുകൾക്ക് സുപ്രധാനമായ ഇളവുകൾ നൽകുന്നതിനൊപ്പം ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം കൂടുതൽ ശക്തമാക്കാൻ കരാറിലൂടെ സാധിക്കുമെന്നും ശ്രീ ഷാ സമൂഹമാധ്യത്തിൽക്കുറിച്ചു.

## KERALA INDIA UK TRADE

ഇന്ത്യ-യുകെ സമഗ്ര വ്യാപാര കരാർ നിലവിൽ വന്നതോടെ കേരളത്തിൽ നിന്നുള്ള കയറ്റുമതിക്ക് ആദ്യദിനം തന്നെ തുടക്കമായി. തിരുവനന്തപുരം, കൊച്ചി എന്നിവിടങ്ങളിൽ നിന്നുള്ള സമുദ്രോത്പന്ന ചരക്കുകളാണ് ആദ്യമായി യുകെയിലേക്ക് അയച്ചത്. യുകെയിലെ മലയാളി സാന്നിധ്യം കണക്കിലെടുത്ത്, സംസ്ഥാനത്തെ ചെറുകിട-ഇടത്തരം ഭക്ഷ്യസംസ്കരണം, സമുദ്രോൽപന്നം, ടെക്സ്റ്റൈൽസ്, പാദരക്ഷ തുടങ്ങിയ മേഖലകൾക്ക് ഈ കരാർ വൻ നേട്ടമാകും.

❁❁❁❁❁❁❁❁❁❁❁❁❁

**MUMBAI CETA**

ഇന്ത്യ-യുകെ സമഗ്ര സാമ്പത്തിക-വ്യാപാര കരാറിന്റെ ഭാഗമായി മുംബൈയിലെ നവഷേവ തുറമുഖത്തുനിന്നും യുകെയിലേയ്ക്ക് കയറ്റുമതി ചരക്കുകൾ ഫ്ലാഗ് ഓഫ് ചെയ്തു. ഏഴ് പ്രമുഖ കയറ്റുമതിക്കാരുടെ ചരക്കുകളായ രാസവസ്തുക്കൾ, ഫാർമസ്യൂട്ടിക്കൽസ്, പ്ലാസ്റ്റിക്കുകൾ, ഭക്ഷ്യോൽപ്പന്നങ്ങൾ, എൻസൈമുകൾ, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയാണ് കയറ്റി അയച്ചത്. ഗുജറാത്ത്, പഞ്ചാബ് എന്നിവിടങ്ങളിൽ നിന്നും ഇന്ന് യു.കെയിലേക്ക് വിവിധ ചരക്കുകകൾ കയറ്റി അയച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**CABINET(INTRO)**

സെമികണ്ടക്ടർ രൂപകൽപ്പനയും നിർമ്മാണവും ശക്തമാക്കുന്നതിനായി 1,27,500 കോടി രൂപയുടെ 'സെമികോൺ 2.0' പദ്ധതിക്കും, മൊബൈൽ ഫോൺ നിർമ്മാണത്തിനായി 62,500 കോടി രൂപയുടെ സ്കീമിനും കേന്ദ്ര മന്ത്രിസഭായോഗം അംഗീകാരം നൽകി. 5 വർഷ കാലാവധിയുള്ള മൊബൈൽ പദ്ധതിയിലൂടെ 60,000 നേരിട്ടുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും. കൂടാതെ, ഉത്തർപ്രദേശിലെ വാരാണസിയിൽ ഗതാഗതക്കുരുക്ക് കുറയ്ക്കാൻ 14,447 കോടിയിലധികം രൂപയുടെയും 10,998 കോടി രൂപയുടെയും രണ്ട് എലിവേറ്റഡ് കോറിഡോറുകൾക്ക് അനുമതിയായി. ഒഡീഷ, ഝാർഖണ്ഡ് സംസ്ഥാനങ്ങളിലെ റെയിൽവേ മൾട്ടിട്രാക്കിങ് പദ്ധതികൾക്കും, യൂറിയ ഉത്പാദനത്തിൽ സ്വയംപര്യാപ്തത ലക്ഷ്യമിട്ടുള്ള 'നാഷണൽ ഇൻവെസ്റ്റ്മെന്റ് പോളിസി ഫോർ യൂറിയ-2026' നയത്തിനും അംഗീകാരം നൽകിയതായി കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് അറിയിച്ചു.

## CHANDIGARH HYDROGEN TRAIN

ഇന്ത്യയിലെ ആദ്യ മലിനീകരണ രഹിത ഹൈഡ്രജൻ ട്രെയിൻ പ്രധാനമന്ത്രി നരേന്ദ്ര മോദി മറ്റന്നാൾ ഹരിയാനയിലെ ജിന്ദിൽ നിന്ന് ഫ്ലാഗ് ഓഫ് ചെയ്യും. ജിന്ദിനും സോണിപത്തിനുമിടയിലാണ് ഈ ട്രെയിൻ സർവീസ് നടത്തുക. അമൃത് ഭാരത് പദ്ധതിയിൽ ഉൾപ്പെടുത്തി പുനർവികസിപ്പിച്ച ജിന്ദ് റെയിൽവേ സ്റ്റേഷൻ, മെഡിക്കൽ കോളേജ്, അംബാല ഡിവിഷനിലെ മറ്റ് നാല് സ്റ്റേഷനുകൾ

എന്നിവയും അദ്ദേഹം ഉദ്ഘാടനം ചെയ്യും. കൂടാതെ കുരുക്ഷേത്രയിലെ എലിവേറ്റഡ് റെയിൽവേ ട്രാക്ക് രാജ്യത്തിന് സമർപ്പിക്കുകയും സിഖ് മ്യൂസിയത്തിന് തറക്കല്ലിടുകയും ചെയ്യുന്ന പ്രധാനമന്ത്രി, ചണ്ഡീഗഢ് പഞ്ചാബ് എൻജിനീയറിങ് കോളേജിലെ പദ്ധതികൾ ഉദ്ഘാടനം ചെയ്ത ശേഷം ജലന്ധറിലേക്ക് തിരിക്കും.

## KERALA CABINET

കേരളത്തിൽ പൊതുഭരണ വകുപ്പിന് കീഴിൽ വകുപ്പുകളുടെ ഏകോപനത്തിന് പുതിയ സംവിധാനം ആരംഭിക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. ഓരോ ഫയലുകളുടെയും തൽസ്ഥിതി ഇതിലൂടെ അറിയാൻ സാധിക്കുമെന്ന് മന്ത്രിസഭാ യോഗ തീരുമാനങ്ങൾ വിശദീകരിക്കവെ അദ്ദേഹം തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു. പദ്ധതികൾ കൃത്യമായി മാപ്പിങ് നടത്തി സമയബന്ധിതമായി പൂർത്തിയാക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

## OPERATION TOOFAN

കേരളത്തിലെ ലഹരിവിരുദ്ധ ദൗത്യമായ 'ഓപ്പറേഷൻ തൂഫാന് പിന്തുണതേടി ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല തമിഴ്നാട് മുഖ്യമന്ത്രി ജോസഫ് വിജയുമായി കൂടിക്കാഴ്ച നടത്തി. അതിർത്തികളിൽ പരിശോധന കർശനമാക്കാനും

ഇൻറലിജൻസ് വിവരങ്ങൾ പങ്കുവെക്കാനും ഇരുസംസ്ഥാനങ്ങളും ധാരണയായി.

ദൗത്യത്തിൻറെ ഭാഗമായി കേരളത്തിൽ നടക്കുന്ന മെഗാ പരിപാടിയിൽ മുഖ്യമന്ത്രി വി.ഡി. സതീശൻ, നടൻ മോഹൻലാൽ എന്നിവർക്കൊപ്പം വിജയും പങ്കെടുക്കും

❁❁❁❁❁❁❁❁❁❁❁❁❁

## FOOTBALL – FIFA WORLD CUP

ഫിഫ ലോകകപ്പ് ഫുട്ബോൾ രണ്ടാം സെമിയിൽ ഇന്ന് രാത്രി 12.30 ന് നിലവിലെ ചാമ്പ്യന്മാരായ അർജന്റീന – ഇംഗ്ലണ്ടിനെ നേരിടും. ഇന്നത്തെ മത്സരത്തിലെ വിജയികൾ, ഈ മാസം 20 ന് നടക്കുന്ന ലോകകപ്പ് ഫൈനലിൽ സ്പെയിനെ നേരിടും.

❁❁❁❁❁❁❁❁❁❁❁❁❁

## GOYAL–BERND LANGE

കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയൽ, യൂറോപ്യൻ പാർലമെന്റിന്റെ അന്താരാഷ്ട്ര വ്യാപാര സമിതി അധ്യക്ഷൻ ബെൻഡ് ലാംഗെയുമായി കൂടിക്കാഴ്ച നടത്തി. ഇരുപക്ഷത്തെയും വ്യവസായങ്ങൾക്കും ജനങ്ങൾക്കും വൻ അവസരങ്ങൾ നൽകുന്ന ഇന്ത്യ-യൂറോപ്പ്യൻ യൂണിയൻ സ്വതന്ത്ര വ്യാപാര കരാറിനെക്കുറിച്ച് ഇരുനേതാക്കളും ചർച്ച ചെയ്തു.

❁❁❁❁❁❁❁❁❁❁❁❁❁

## JAISHANKAR – BELGIUM

ബെൽജിയം സന്ദർശിക്കുന്ന വിദേശകാര്യമന്ത്രി എസ്. ജയശങ്കർ, യൂറോപ്പ്യൻ യൂണിയൻ കമ്മീഷണറുമായി കൂടിക്കാഴ്ച നടത്തി. ഹരിത ഊർജ്ജ സാങ്കേതികവിദ്യകളിലെ സഹകരണം ചർച്ച ചെയ്തു. തുടർന്ന് ബെൽജിയം ഉപപ്രധാനമന്ത്രി മാക്സിം പ്രിവോട്ടുമായി ചേർന്ന് പ്രഥമ ഇന്ത്യ-ബെൽജിയം തന്ത്രപ്രധാന ചർച്ചയ്ക്ക് അദ്ദേഹം സഹ-അധ്യക്ഷത വഹിച്ചു. പ്രതിരോധം, തുറമുഖങ്ങൾ, സെമികണ്ടക്ടറുകൾ എന്നിവയിലെ സഹകരണവും പശ്ചിമേഷ്യൻ സാഹചര്യങ്ങളും ഇതിൽ ചർച്ചയായി.

❁❁❁❁❁❁❁❁❁❁❁❁❁

## OM BIRLA JAIPUR

സുതാര്യതയിലൂടെയും ഉത്തരവാദിത്തത്തിലൂടെയും നല്ല ഭരണം ഉറപ്പാക്കുന്നതിൽ നിയമനിർമ്മാണ സഭകൾ സുപ്രധാന പങ്കുവഹിക്കുന്നുണ്ടെന്ന് ലോക്സഭ സ്പീക്കർ ഓം ബിർള. മികച്ച നേതാക്കളെ രൂപപ്പെടുത്തുന്ന ജനാധിപത്യത്തിന്റെ യഥാർത്ഥ വിദ്യാലയങ്ങളാണ് നിയമനിർമ്മാണ സംഭകളെന്ന് അദ്ദേഹം പറഞ്ഞു. രാജസ്ഥാൻ നിയമസഭയുടെ 75-ാം വാർഷികത്തോടനുബന്ധിച്ച് ജയ്പൂരിൽ സംഘടിപ്പിച്ച 'വിധായി ഗൗരവ് യാത്ര'യുടെ ഉദ്ഘാടന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു ശ്രീ ഓം ബിർള.

❁❁❁❁❁❁❁❁❁❁❁❁❁

## REV. US-IRAN ATTACKS

പശ്ചിമേഷ്യയിൽ സംഘർഷം കനക്കുന്നു. യുഎസ് നടത്തിയ വ്യോമാക്രമണങ്ങളിൽ സൈനിക ബാരക്ക് തകർന്ന് ഏഴ് സൈനികർ കൊല്ലപ്പെട്ടതായും 260 ലധികം പേർക്ക് പരിക്കേറ്റതായും ഇറാൻ സ്ഥിരീകരിച്ചു. കഴിഞ്ഞ ദിവസങ്ങളിലുണ്ടായ പ്രത്യാക്രമണങ്ങളിൽ മുപ്പതിലധികം പേരാണ് ഇറാനിൽ കൊല്ലപ്പെട്ടത്. ഹോർമുസ് കടലിടുക്കിലെ കപ്പലുകൾക്ക് നേരെയുള്ള ആക്രമണത്തെത്തുടർന്ന് ഇറാന് മേൽ യുഎസ് നാവിക ഉപരോധം ഏർപ്പെടുത്തിയിരുന്നു. ഇതിന് പിന്നാലെ, പശ്ചിമേഷ്യയിൽ നിന്നുള്ള എല്ലാ ഊർജ്ജ കയറ്റുമതിയും തടയുമെന്ന് ഇറാൻറെ റവല്യൂഷണറി ഗാർഡ് മുന്നറിയിപ്പ് നൽകി.

❋❋❋❋❋❋❋❋❋❋❋❋❋

## PALESTINE- INDIA

പാലസ്തീനിൽ സ്പെഷ്യാലിറ്റി ആശുപത്രി, കൃത്രിമ അവയവ ഫിറ്റ്മെൻറ് സെൻറർ, വൊക്കേഷണൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്നീ മൂന്ന് പ്രധാന പദ്ധതികൾ ആരംഭിക്കാനുള്ള ഇന്ത്യൻ തീരുമാനത്തെ പലസ്തീൻ സ്വാഗതം ചെയ്തു. കടുത്ത പ്രതിസന്ധി ഘട്ടത്തിലെ ഈ പ്രഖ്യാപനത്തിനും ഐക്യരാഷ്ട്രസഭയിൽ പലസ്തീന് പൂർണ്ണ അംഗത്വം നൽകാൻ ഇന്ത്യ നൽകുന്ന പിന്തുണയ്ക്കും ഡൽഹിയിലെ പലസ്തീൻ എംബസി നന്ദി അറിയിച്ചു.

❋❋❋❋❋❋❋❋❋❋❋❋❋